പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1497 | 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കൊല്ലം ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുകേഷ് | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ പ്രവർത്തിച്ചു വന്നിരുന്ന എൻക്വയറി കൗണ്ടർ നിർത്തലാക്കിയതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് എൻക്വയറി കൗണ്ടർ സേവനം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിന്റെ ഭാഗമായി ജീവനക്കാരെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും, അതുവഴി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായാണ് എൻക്വയറി കൗണ്ടർ നിർത്തലാക്കിയത്. സമഗ്ര പുനരുദ്ധാരണ പ്രവർത്തനങ്ങളും ഡ്യൂട്ടി പരിഷ്കരണങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ എൻക്വയറി കൗണ്ടർ പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**